പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3176 — 04.08.2021ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ എം മുകേഷ് | | ഉത്തരം<br>ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | കൊല്ലം നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; വിശദ വിവരം ലഭ്യമാക്കുമോ? | (എ) | കൊല്ലം നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന സ്ഥാപനങ്ങളിൽ വികസന പ്രവർത്തികൾ നടന്നിട്ടുണ്ട്.<br><br>**ആർദ്രം ഒന്നാം ഘട്ടം**<br><br>28.03.2017 ലെ സ.ഉ(കൈ) നം. 845/2017/ ആ.കു.വ പ്രകാരം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം പെരുമൺ എന്ന സ്ഥപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും, അടിസ്ഥാന സൗകര്യം, രോഗീ സൗഹൃദ അന്തരീക്ഷം, ലാബ് സൗകര്യം, ആവശ്യമായ തസ്തികകൾ എന്നിവ സൃഷ്ടിച്ച് സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ച് വരികയുമാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം വഴി 10.00 ലക്ഷം രൂപയും, 12.05.2017 ലെ സ.ഉ(കൈ) നം.75/2017/ആ കു വ പ്രകാരം ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 91.7 ലക്ഷം രൂപയുടെ എം.എൽ.എ ഫണ്ട് ലഭ്യമാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. .<br><br>**ആർദ്രം രണ്ടാം ഘട്ടം**<br><br>16.06.2018 ലെ സ.ഉ(കൈ) നം. 113/2018/ ആ.കു.വ പ്രകാരം ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൊല്ലം നിയോജക മണ്ഡലത്തിലെ പി.എച്ച്.സി തൃക്കരുവ, പി.എച്ച്.സി കിളികൊല്ലൂർ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ, ലാബ് സൗകര്യം, രോഗീ സൗഹൃദ അന്തരീക്ഷം എന്നിവ വർദ്ധിപ്പിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം |

ആരംഭിക്കുന്നതിന് നിർമ്മാണ പ്രവൃത്തികൾ നടന്നു വരികയാണ്. ആയതിനായി പി.എച്ച്.സി തൃക്കരുവ എന്ന സ്ഥാപനത്തിന് 18.39 ലക്ഷം രൂപ എൻ.എച്ച്.എം വഴി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുകയാണ്. അതു പോലെ പി.എച്ച്.സി കിളികൊല്ലൂർ എന്ന സ്ഥാപനത്തിന് പുതിയ കെട്ടിടത്തിനായി എം.എൽ.എ ഫണ്ടായി 130 ലക്ഷം രൂപയും എൻ.എച്ച്.എം വഴി 7.58 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നതുമാണ്. കൂടാതെ മേൽ സ്ഥാപനങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിപ്പിക്കുന്നതിന് 14.11.2019 ലെ സ.ഉ(കൈ) നം. 171/2019/ആ.കു.വ പ്രകാരം ഒന്നു വീതം അസിസ്റ്റന്റ് സർജൻമാരും, പി.എച്ച്. സി തൃക്കരുവ എന്ന സ്ഥാപനത്തിൽ രണ്ട് സ്റ്റാഫ് നേഴ്സുമാരുടെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. തൃക്കോവിൽവട്ടം പി.എച്ച്.സിയെ എഫ്.എച്ച്.സിയാക്കുന്നതിന് എൻ.എച്ച്.എം വഴി 10.54 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു.

കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം. 136/2017/എച്ച് & എഫ്.ഡബ്ല്യൂ.ഡി, തിരുവനന്തപുരം, തീയതി 23.09.2017 പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിൽ താഴെ പറയുന്ന തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

| ക്രമ നം | പുതിയതായി സൃഷ്ടിച്ച തസ്തിക | എണ്ണം |
|---|---|---|
| 1 | കൺസൾട്ടന്റ് യൂറോളജി | 1 |
| 2 | കൺസൾട്ടന്റ് ഫോറൻസിക് മെഡിസിൻ | 1 |
| 3 | ജൂനിയർ കൺസൾട്ടന്റ് റേഡിയോ തെറാപ്പി | 1 |
| 4 | ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 1 |
| 5 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 2 |
| 6 | ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് II | 1 |
| 7 | ഡയാലിസിസ് ടെക്നീഷ്യൻ | 3 |
| 8 | ഫിസിയോതെറാപ്പിസ്റ്റ് | 1 |
| 9 | മോർച്ചറി ടെക്നീഷ്യൻ | 1 |
| 10 | മെഡിക്കൽ റെക്കോർഡ് അറ്റൻഡർ | 1 |
| | ആകെ | 13 |

| | | | |
|---|---|---|---|
| | | | കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി KIIFB മുഖേന കൊല്ലം ജില്ലാ ആശുപത്രിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 183 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന് 104.49 കോടിയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. ജില്ലാ ആശുപത്രി കൊല്ലത്തിന്റെ ഒ.പി നവീകരണത്തിനായി എൻ.എച്ച്.എം വഴി 137 ലക്ഷം രൂപ അനുവദിച്ചു. |

Hari

സെക്ഷൻ ഓഫീസർ